(ഡി) ആട്ടയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ആട്ട ഉല്പാദനത്തിന് കൂടുതൽ ഗോതമ്പ് അനുവദിച്ചു കിട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനായി റേഷൻ കടകൾക്ക് ഫോർട്ടിഫൈഡ് ആട്ട നൽകുന്നുണ്ട്.

(ബി) ആട്ട ഉൽപാദിപ്പിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 5000 mt ഗോതമ്പാണ് പ്രതിമാസം കേന്ദ്രസർക്കാർ അനുവദിക്കുന്നത്.

(സി) ഉണ്ട്. ഒരു കിലോ പായ്ക്കറ്റിന് പൊതുവിപണിയിൽ 30 രൂപയോളം വിലയുള്ളപ്പോൾ 12 രൂപ നിരക്കിലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിതരണ സംവിധാനത്തിലൂടെ ഫോർട്ടിഫൈഡ് ആട്ട വിതരണം ചെയ്യുന്നത്.

(ഡി) NABL അക്രഡിറ്റേഷൻ ഉള്ള ലാബിൽ അനലൈസ് ചെയ്താണ് നിശ്ചിത ഗുണനിലവാരവും ഫോർട്ടിഫിക്കേഷനും ഉറപ്പു വരുത്തുന്നത്. ഈ അനാലിസിസ് റിപ്പോർട്ടിന്റെ പകർപ്പോടുകൂടിയാണ് ഓരോ ഫോർട്ടിഫൈഡ് ആട്ടയും വിതരണത്തിനായി സപ്ലൈകോ ഡിപ്പോയിലേക്ക് അയയ്ക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

(ഇ) പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം നടത്തുന്ന ആട്ടയ്ക്ക് ആവശ്യകത കൂടുന്ന മുറയ്ക്ക് കൂടുതൽ ഗോതമ്പ് അനുവദിച്ചു കിട്ടാൻ നടപടി സ്വീകരിക്കുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജീവനക്കാരുടെ നിയമന വ്യവസ്ഥ

85 (5763) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജീവനക്കാരുടെ നിയമന വ്യവസ്ഥ എന്താണ് ;

(ബി) പി.എസ്.സി. മുഖേനയല്ലാതെ ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്താറുള്ളത് ; അത്തരം നിയമനത്തിനുള്ള വ്യവസ്ഥകളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേനയല്ലാതെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; ഏതെല്ലാം വിധത്തിൽ ഏതൊക്കെ തസ്തികകളിൽ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലെ എത്ര നിയമനങ്ങൾ സ്ഥിരപ്പെടുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ, ഡ്രൈവർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, എൽ.ഡി. ടൈപ്പിസ്റ്റ്, കമ്പ്യൂട്ടർ പ്രോഗ്രാമർ, ജൂനിയർ മാനേജർ എന്നീ തസ്തികകളിലാണ് പി.എസ്.സി. മുഖാന്തിരം നിയമനങ്ങൾ നടത്തുന്നത്. അസിസ്റ്റന്റ് മാനേജർ മുതലുള്ള തസ്തികകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നിയമനമാണ് നടത്തുന്നത്. മാനേജീരിയൽ സർവ്വീസ് റൂൾസ് 2009-ൽ പ്രതിപാദിക്കുന്ന നിയമന വ്യവസ്ഥകൾ പാലിച്ചാണ് നിയമനം നടത്തുന്നത്. കൂടാതെ മറ്റ് വകുപ്പുകളിൽ നിന്നും പ്രത്യേകിച്ച് സിവിൽ സപ്ലൈസിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖാന്തിരവും നിയമനം നടത്തുന്നുണ്ട്. ജൂനിയർ അസിസ്റ്റന്റ് മുതൽ അഡീഷണൽ ജനറൽ മാനേജർ വരെയുള്ള തസ്തകകളിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നുണ്ട്. പി.എസ്.സി. മുഖാന്തിരം സ്ഥിര നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാൻ കാലതാമസം വരുന്ന അവസരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും കരാർ അടിസ്ഥാനത്തിലും താൽക്കാലിക നിയമനങ്ങൾ നടത്താറുണ്ട്.

(ബി) അസിസ്റ്റന്റ് മാനേജർ മുതലുള്ള തസ്തികകളിലാണ് പി.എസ്.സി. മുഖേനയല്ലാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നിയമനങ്ങൾ നടത്തുന്നത്. പത്രപരസ്യത്തിലൂടെ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച്, സ്റ്റേറ്റ് പ്രൊഡക്ടീവിറ്റി കൗൺസിൽ നടത്തുന്ന യോഗ്യതാ പരീക്ഷയിൽ ഉന്നത വിജയം നേടുന്നവരെ ബോർഡ് നിശ്ചയിക്കുന്ന ഇന്റർവ്യൂ കമ്മിറ്റി അഭിമുഖം നടത്തുന്നു. യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്ക്, അഭിമുഖത്തിലെ പ്രകടനം, അനുഭവ പരിജ്ഞാനം എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ നിയമനം നടത്തുന്നു. കൂടാതെ ഡെപ്യൂട്ടേഷൻ തസ്തികകളായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒഴിവുകളിലേക്ക് സിവിൽ സപ്ലൈസ് വകുപ്പ്, പോലീസ്, നിയമം, കൃഷി, സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ എന്നിവയിൽ നിന്നും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിശ്ചിത കാലയളവിലേക്ക് ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ ജൂനിയർ അസിസ്റ്റന്റ് മുതൽ അഡീഷണൽ ജനറൽ മാനേജർ തസ്തിക വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നുണ്ട്.

(സി & ഡി) അസിസ്റ്റന്റ് മാനേജർ, മാനേജർ, കമ്പനി സെക്രട്ടറി തസ്തികകളിൽ യഥാക്രമം മൂന്നും രണ്ടും ഒന്നും നിയമനങ്ങൾ പി.എസ്.സി. വഴിയല്ലാതെ നടത്തിയിട്ടുണ്ട്. കൂടാതെ ജൂനിയർ മാനേജർ (ക്യൂ.എ) ഫാർമസിസ്റ്റ്, തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. (ജൂനിയർ മാനേജർ (ക്യൂ.എ)-6, ഫാർമസിസ്റ്റ്-207) ആശ്രിത നിയമന പദ്ധതി പ്രകാരം 35 പേർക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരമേറ്റശേഷം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 15-8-1998-നും 15-8-1999-നും ഇടയിലുള്ള കാലയളവിൽ താൽക്കാലിക നിയമനം

ലഭിച്ചിരുന്ന 4 വികലാംഗർക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ 30-11-2007 തീയതിയിൽ സ.ഉ.(പി)നം. 85/2007/എസ്.ഡബ്ള്യു.ഡി. പ്രകാരം സ്ഥിര നിയമനം നൽകിയിട്ടുണ്ട്. നേരിട്ട് നടത്തിയ 6 നിയമനങ്ങളും സ്ഥിര നിയമനങ്ങളാണ്. കരാർ അടിസ്ഥാനത്തിൽ നടത്തിയ താൽക്കാലിക നിയമനങ്ങളൊന്നും സ്ഥിരപ്പെടുത്തിയിട്ടില്ല.

വാട്ടർ പ്യൂരിഫയർ നിർമ്മിക്കുന്ന കമ്പനികൾക്കെതിരെ നടപടി

86 (5764) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ പ്യൂരിഫയർ നിർമ്മിക്കുന്ന കമ്പനികൾ വാർഷിക മെയിന്റനൻസ് ചാർജ് ഈടാക്കിയിട്ടും പലപ്പോഴും ഉപഭോക്താക്കൾക്ക് മെയിന്റനൻസ് സേവനം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപഭോക്താക്കളെ വഞ്ചിക്കുന്ന വിവിധ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്യാരണ്ടിയുള്ള വാട്ടർ പ്യൂരിഫയർ കേടായപ്പോൾ കമ്പനി/ ഡീലർ റിപ്പയർ ചെയ്ത് നൽകിയില്ലാ എന്നത് സംബന്ധിച്ച് കൺസ്യൂമർ ഹെൽപ്പ് ലൈനിൽ ലഭിച്ച ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം കമ്പനികൾക്കെതിരെ സ്വമേധയാ കേസ് എടുക്കാൻ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനോ ഫോറത്തിനോ കഴിയുകയില്ല. എന്നാൽ ഫോറത്തിലോ കമ്മീഷനിലോ അത്തരം കമ്പനികൾക്കെതിരെ ഉപഭോക്താവ് പരാതി ഫയൽ ചെയ്താൽ നടപടി സ്വീകരിക്കുന്നുണ്ട്.

നന്ദിയോട് ഹോൾസെയിൽ ഡിപ്പോയിൽ നടന്ന ക്രമക്കേടുകൾ

87 (5765) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ നന്ദിയോട് പഞ്ചായത്തിൽ എ.ഡബ്ല്യു.ഡി.റ്റി 18-ാം നമ്പർ ഹോൾസെയിൽ ഡിപ്പോയിൽ ക്രമക്കേടുകൾ നടന്നതിനാൽ എത്ര തവണ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തുടർ അന്വേഷണത്തിൽ ഡിപ്പോയുടെ ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ടോയെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly